# Desabhimani

## 31 August 2018

## Thiruvananthapuram, CM’s Flood Relief Fund

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

# സംഭാവന 1000 കോടി കവിഞ്ഞു

**തിരുവനന്തപുരം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് വ്യാഴാഴ്ച രാത്രി എട്ടുവരെ 1026 കോടി രൂപ സംഭാവന ലഭിച്ചു. ഇതിൽ സിഎംഡിആർഎഫ് വെബ്സൈറ്റിലെ ബാങ്ക് പെയ്മെന്റ് ഗേറ്റ്‌വേ വഴി 145 കോടിയും യുപിഐവഴി 1.04 കോടിയുമാണ് ലഭിച്ചത്. പേടിഎം വഴി 45 കോടിയും ലഭിച്ചു. ഇതിനുപുറമെ എസ്ബിഐയിലെ സിഎംഡിആർഎഫ് അക്കൗണ്ടിൽ 610.73 കോടിയും മറ്റുബാങ്കുകളിൽ 39.29 കോടിയും നിക്ഷേപമായെത്തി. കഴിഞ്ഞ മൂന്ന് ദിവസങ്ങളിലായി ചെക്കുകളും ഡ്രാഫ്റ്റുകളുമായി 185 കോടിയും ലഭിച്ചു. ട്രഷറിവഴി അടച്ച സംഭാവനകളും സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് പിടിച്ച തുകയും ഫെസ്റ്റിവൽ അലവൻസ് തുകയും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുവരെ ഓൺലൈനായി സംഭാവന നൽകിയവരുടെ എണ്ണം 4.17 ലക്ഷമാണ്.

ഉയരട്ടെ നവകേരളം